Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽരഹിതരുടെ എണ്ണം

278(4288) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തൊഴിൽരഹിതരുടെ കണക്ക് എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലായെങ്കിൽ ആയതുസംബന്ധിച്ച് ഒരു വിശദമായ കണക്കെടുക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണം 29-7-2021 വരെയുള്ള കണക്കനുസരിച്ച് 3770767 ആകുന്നു. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് അനുബന്ധമായി ചേർക്കുന്നു.*

കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

279(4289) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ എത്ര കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത സെന്ററുകളിൽനിന്ന് ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്നും സെന്റർ തിരിച്ച് വിവരം ലഭ്യമാക്കാമോ?

നിലവിൽ വകുപ്പിന് കീഴിൽ ആറ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

ജില്ല	സെന്ററുകൾ
തിരുവനന്തപുരം	പാലോട്, നെയ്യാറ്റിൻകര
ആലപ്പുഴ	കായംകുളം
എറണാകുളം	തൃപ്പൂണിത്തുറ
പാലക്കാട്	ചിറ്റൂർ
കോഴിക്കോട്	പേരാമ്പ്ര

*അനുബന്ധം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.